# ഏകാരോഗ്യം പരിശീലന മൊഡ്യൂൾ

**(ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ)**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്
കേരള സർക്കാർ

Kerala.HEALTH

**ഉള്ളടക്കം**


| | |
|---|---|
| **സെഷൻ 1** | ഏകാരോഗ്യം ആശയവും പ്രാധാന്യവും |
| **സെഷൻ 2** | പകർച്ചവ്യാധിവ്യാപനം<br>ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും |
| **സെഷൻ 3** | പാരിസ്ഥിതികവും സാമൂഹികവുമായ<br>ഘടകങ്ങളും ഏകാരോഗ്യവും |
| **സെഷൻ 4** | ഏകാരോഗ്യം കേരളവും<br>സംഘടനാസംവിധാനവും<br>തദ്ദേശസർക്കാരുകളുടെ ചുമതലകളും<br>ഉത്തരവാദിത്തങ്ങളും |
| **സെഷൻ 5** | ഏകാരോഗ്യം സാമൂഹ്യാധിഷ്ഠിത<br>രോഗനിരീക്ഷണം |

**ഏകാരോഗ്യം**

തദ്ദേശസർക്കാർ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർക്കായുള്ള പരിശീലന പരിപാടി

**പശ്ചാത്തലം**

ഏകാരോഗ്യം എന്ന ആശയം ആഗോളതലത്തിൽ ശ്രദ്ധേയമായിക്കൊണ്ടിരിക്കുന്നു. മനുഷ്യരുടെയും മൃഗങ്ങളുടേയും സസ്യങ്ങളുടേയും പരിസ്ഥിതിയുടേയും ആരോഗ്യം പരസ്പരബന്ധിതമാണ്. മനുഷ്യരുടെ മാത്രമായുള്ള ആരോഗ്യം എന്ന ആശയത്തിനോ ആരോഗ്യസംരക്ഷണത്തിനോ ഇപ്പോൾ പ്രസക്തിയില്ല. മനുഷ്യരും ജന്തുക്കളും തമ്മിലുള്ള ഇടപെടൽ വഴി ഉണ്ടാകുന്ന രോഗങ്ങൾക്കും, പാരിസ്ഥിതികഘടകങ്ങൾ മൂലമുണ്ടാകുന്ന രോഗങ്ങൾക്കും ആരോഗ്യപ്രശ്നങ്ങൾക്കുമെതിരെ മേഖലകളെ സംജോജിപ്പിച്ചുകൊണ്ടുള്ള പോരാട്ടം സാധ്യമാക്കുകയെന്നതാണ് ഏകാരോഗ്യത്തിലൂടെ ലക്ഷ്യമാക്കുന്നത്.

മനുഷ്യർക്കും ജന്തുക്കൾക്കും ഉണ്ടാകുന്ന രോഗങ്ങളും രോഗവ്യാപനവും യഥാസമയം മേൽത്തട്ടുകളിൽ റിപ്പോർട്ട് ചെയ്യുകയും പ്രതിവിധികൾ ഉറപ്പാക്കുകയും ചെയ്യുന്ന ആരോഗ്യ പ്രവർത്തനങ്ങളിലേക്കുള്ള സാമൂഹ്യമാറ്റമാണ് നാം ലക്ഷ്യമിടുന്നത്. അധികാരവികേന്ദ്രീകരണം തദ്ദേശസർക്കാരുകൾക്ക് ഏകാരോഗ്യ രംഗത്ത് ഇടപെടുന്നതിന് വിപുലമായ സാദ്ധ്യതകളാണ് ഒരുക്കിയിട്ടുള്ളത്. ഈ സാദ്ധ്യതകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനായി പരിശീലനങ്ങൾ സംഘടിപ്പിക്കുന്നതാണ്. തദ്ദേശസർക്കാർ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവരാണ് ഈ പരിശീലനപരിപാടിയിൽ പങ്കെടുക്കുന്നത്.

**<u>പരിശീലന ലക്ഷ്യങ്ങൾ</u>**

| | |
|---|---|
| 1 | ഏകാരോഗ്യം എന്ന ആശയം എന്താണെന്നും അതിൻറെ കാലിക പ്രസക്തി എത്രത്തോളമുണ്ടെന്നും ബോദ്ധ്യപ്പെടുത്തുക. |
| 2 | പകർച്ചവ്യാധികളെക്കുറിച്ചും ജന്തുജന്യരോഗങ്ങളെക്കുറിച്ചും പ്രകൃതിജന്യരോഗങ്ങളെ ക്കുറിച്ചും ആൻറിമൈക്രോബിയൽ റെസിസ്റ്റൻസിനെക്കുറിച്ചും അവബോധം സൃഷ്ടിക്കുക. |
| 3 | പരിസ്ഥിതി, ഭക്ഷ്യശൃംഖല, ജൈവവൈവിധ്യം, കാലാവസ്ഥ വ്യതിയാനം തുടങ്ങിയവയുമായി ഏകാരോഗ്യം എന്ന ആശയം എത്രത്തോളം ബന്ധ പ്പെട്ടിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുത്തുക. |
| 4 | രോഗമുണ്ടാക്കുന്ന പാരിസ്ഥിതികഘടകങ്ങൾ ഏതൊക്കെയെന്ന് തിരിച്ചറിയുവാൻ സഹായിക്കുക. |
| 5 | മനുഷ്യനും മൃഗങ്ങൾക്കും ഉണ്ടാകുന്ന രോഗങ്ങൾ ഏങ്ങനെ നിരീക്ഷിക്ക പ്പെടണമെന്നും ഒരു ഏകീകൃത നീരിക്ഷണസംവിധാനത്തിൻറെ പ്രാധാന്യ മെന്തെന്നും ബോദ്ധ്യപ്പെടുത്തുക. |

| | |
|---|---|
| 6 | ഏകാരോഗ്യപദ്ധതി നടപ്പിലാക്കുന്നതിൽ തദ്ദേശസർക്കാരുകളുടെ കർത്തവ്യമെന്താണെന്നും ഈ പ്രക്രിയയിൽ സാമൂഹ്യസന്നദ്ധസേവകരുടെയും മെൻറർമാരുടെയും അറിവും വൈദഗ്ധ്യവും സേവനവും എങ്ങനെയാണ് ഉപയോഗപ്പെടുത്തേണ്ടത് എന്നതിനെക്കുറിച്ചും വ്യക്തത വരുത്തുക. |
| 7 | ഈ പ്രക്രിയയിൽ വിവിധ ലൈൻ ഡിപ്പാർട്ട്മെൻറ്കളുടെ ഏകീകൃതവും സംയോജിതവും ആയ പ്രവർത്തനങ്ങൾ എങ്ങനെയാണ് രൂപപ്പെടുത്തേണ്ടതെന്ന് ബോദ്ധ്യപ്പെടുത്തുക. |
| 8 | സസ്യജന്തുജാലങ്ങളുടെ അധിനിവേശവും അത് മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചും പഠിതാക്കൾക്ക് അവബോധം നൽകുന്നു |
| 9 | മനുഷ്യ വന്യജീവി സംഘർഷങ്ങൾക്കുള്ള കാരണങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനെക്കുറിച്ചും പഠിതാക്കക്ക് ധാരണയുണ്ടാക്കുക |

## പരിശീലന വിഷയങ്ങൾ

| | |
|---|---|
| **സെഷൻ 1** | ഏകാരോഗ്യം ആശയവും പ്രാധാന്യവും |
| **സെഷൻ 2** | പകർച്ചവ്യാധിവ്യാപനം ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും |
| **സെഷൻ 3** | പാരിസ്ഥിതികവും സാമൂഹികവുമായ ഘടകങ്ങളും ഏകാരോഗ്യവും |
| **സെഷൻ 4** | ഏകാരോഗ്യം കേരളവും സംഘടനസംവിധാനവും തദ്ദേശസർക്കാരുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും |
| **സെഷൻ 5** | ഏകാരോഗ്യം സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം |

## പരിശീലനത്തിൽ പങ്കെടുക്കേണ്ടവർ

- തദ്ദേശസർക്കാർ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ
- ഉദ്യോഗസ്ഥർ

## പരിശീലനദൈർഘ്യം

ഒരു ദിവസം രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിക്കുന്നു.

## പരിശീലന വേദി

കില തൃശ്ശൂർ

തെരഞ്ഞെടുക്കപ്പെടുന്ന കേന്ദ്രങ്ങൾ

## പഠനരീതി

- മുതിർന്നവരുടെ പഠനത്തിനനുയോജ്യമായ പങ്കാളിത്തരീതി
- ഗ്രൂപ്പ് ചർച്ച
- കേസ് സ്റ്റഡി

## പരിശീലകർ

- കിലയിലെ ഫാക്കൽറ്റി അംഗങ്ങൾ
- ജില്ലാതലമെൻററർമാർ
- ഏകാരോഗ്യമേഖലയിലെ വിദഗ്ദർ

## പഠന സാമഗ്രികൾ

പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് വിശദമായ വായനയ്ക്കും തുടർപഠനത്തിനും സഹായകമായ കൈപുസ്തകവും മറ്റുപഠനസാമഗ്രികളും വിതരണം ചെയ്യുന്നതാണ്.

## തുടർസേവനങ്ങൾ

പരിശീലനത്തിന് നേതൃത്വം നൽകുന്ന ഫാക്കൽറ്റി അംഗങ്ങളുടെ സേവനം തുടർന്നും പരിശീലനാർത്ഥികൾക്ക് നൽകുന്നതിനുള്ള അവസരം ഒരുക്കുന്നതാണ്, കൂടാതെ സംശയ നിവാരണത്തിനായി ജില്ലാതലപ്രോഗ്രാംസപ്പോർട്ടിങ് യൂണിറ്റിൽ പ്രവർത്തിക്കുന്ന ഹെൽപ്പ് ഡസ്ക് സംവിധാനം ഉപയോഗപ്പെടുത്തുന്നതിനുള്ള സൗകര്യം ഒരുക്കുന്നതാണ്.

**പ്രോഗ്രാം ഷെഡ്യൂൾ**

| ന. | വിഷയം | സമയം |
|---|---|---|
| 1 | സ്വാഗതം, ആമുഖം | 30 മിനിറ്റ് (10 to 10.30 am) |
| 2 | ഏകാരോഗ്യം – ആശയവും പ്രാധാന്യവും | 35 മിനിറ്റ് (10.30 – 11.05 am) |
| | Tea break | 15 മിനിറ്റ് (11.05 – 11.15 am) |
| 3 | പകർച്ചവ്യാധിവ്യാപനം – ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും | 60 മിനിറ്റ് (11.15 am – 12.15 pm) |
| 4 | പാരിസ്ഥിതികവും സാമൂഹികവുമായ ഘടകങ്ങളും ഏകാരോഗ്യവും | 30 മിനിറ്റ് (12.15 – 12.45 pm) |
| 5 | ഏകാരോഗ്യം – കേരളവും സംഘടന സംവിധാനവും തദ്ദേശസർക്കാരുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും | 40 മിനിറ്റ് (12.45 – 1.125 pm) |
| | Lunch break | 45 മിനിറ്റ് (1.25 – 2.00 pm) |
| 6 | ഏകാരോഗ്യം – സാമൂഹ്യാധിഷ്ഠിത രോഗനിരീക്ഷണം | 60 മിനിറ്റ് (2.00 – 3.00 pm) |
| 7 | ഉപസംഹാരവും നന്ദിയും | 30 മിനിറ്റ് (3.00 –3.30) |

## സെഷൻ-1

**വിഷയം** : ഏകാരോഗ്യം – ആശയവും പ്രാധാന്യവും

**ലക്ഷ്യം** : ഈ സെഷന്റെ അവസാനം പരിശീലനാർത്ഥികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക

(i) ഏകാരോഗ്യം എന്ന ആശയം എന്താണെന്ന് ബോദ്ധ്യപ്പെടുക.
(ii) ഏകാരോഗ്യം എന്ന ആശയത്തിന്റെ കാലികമായ പ്രസക്തി വ്യക്തമാവുക.

**സമയം** : 35 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | ആരോഗ്യമെന്താണെന്നും ഏകാരോഗ്യം എന്താണെന്നും വിശദീകരിക്കുന്നു. | 3 മിനിറ്റ് | ബ്രെയിൻ സ്റ്റോമിംഗ്, പങ്കാളിത്ത അവതരണം | സ്ലൈഡ് 2 |
| 2 | ഏകാരോഗ്യം എന്ന ആശയവും ചരിത്രവും വിശദീകരിക്കുന്നു | 3 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 3 |
| 3 | മനുഷ്യൻറെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യം എങ്ങനെ സംരക്ഷി ക്കാമെന്നും വിശദമാക്കുന്നു. | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 4,5 |
| 4 | ജനകീയ പ്രശ്നങ്ങളെ പ്രതിരോധിക്കാൻ ഏകാരോഗ്യത്തിലൂടെ എങ്ങനെ സാദിക്കും എന്ന് വ്യക്തമാക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 6 |
| 5 | ഏകാരോഗ്യം -മേഖല സഹകരണത്തിൻറെ പ്രാധാന്യം വ്യക്തമാക്കുന്നു | 4 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 8 |
| 6 | പ്രതിരോധം അനിവാര്യമായ തലങ്ങൾ ചർച്ച ചെയ്യുന്നു | 4 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 9 |
| 7 | ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് എന്താണെന്നുവ്യക്തമാക്കുന്നു | 4 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 10, 11 |
| 8 | കേരളം നേരിടുന്ന ആരോഗ്യപ്രശ്നങ്ങൾ, പകർച്ചവ്യാധികൾ, പ്രകൃതിദുരന്തങ്ങൾ, മാലിന്യനിർമാർജ്ജനപ്രശ്നങ്ങൾ, ഭക്ഷ്യമായം ചേർക്കൽ എന്നിവ ചർച്ചചെയ്യുന്നു. | 4 മിനിറ്റ് | പങ്കാളിത്ത അവതരണം നമ്മെയും സമൂഹത്തെയും ബാധിക്കുന്ന കുറച്ചുപ്രശ്നങ്ങൾ ചർച്ചചെയ്ത് വിശകലനം ചെയ്യുക | സ്ലൈഡ് 12 |
| 9 | സംശയനിവാരണം | 3 മിനിറ്റ് | | |

## ആവശ്യമായ കുറിപ്പുകൾ

### സ്ലൈഡ് 2

ആരോഗ്യം എന്നാലെന്ത് എന്ന ചോദ്യത്തിലൂടെ ആരംഭിക്കാം. തുടർന്ന് ആരോഗ്യമെന്നത് മനുഷ്യന്റെ ശാരീരികവും മാനസികവും സാമൂഹ്യവുമായ സുസ്ഥിതിയാണെന്നുവ്യക്തമാക്കുന്നു. ഈ നിർവചനത്തിൽ നിന്നുകൊണ്ട് ഏകാരോഗ്യം എന്ന ആശയം വ്യക്തമാക്കണം. ഏകാരോഗ്യമെന്നത് മനുഷ്യൻ, സസ്യ ജന്തുജാലങ്ങൾ എന്നിവയുടെ ആരോഗ്യവും പരിസ്ഥിതിയുടെ ആരോഗ്യവും ഉൾച്ചേർന്നതാണെന്ന് വ്യക്തമാക്കണം. ജലം, വായു, മണ്ണ് എന്നിവ മലിനമാകുന്നതും ശാസ്ത്രീയമായ മാലിന്യപരിപാലനത്തിന്റെ പോരായ്മകളും ജൈവവൈവിധ്യത്തിന്റെ ശോഷണം തുടങ്ങിയവ ആവാസവ്യവസ്ഥയുടെ അഥവാ പരിസ്ഥിതിയുടെആരോഗ്യത്തെ നിർണയിക്കുന്ന ഘടകങ്ങളാണ്.

### സ്ലൈഡ് 3

മനുഷ്യരിൽ നിന്നും മൃഗങ്ങളിലേക്കും തിരിച്ചും വ്യാപിക്കുന്ന രോഗങ്ങളെ ആണ് പൊതുവെ ജന്തുജന്യരോഗങ്ങൾ അഥവാ സൂനോട്ടിക് രോഗങ്ങൾ എന്ന് വിളിക്കുന്നത്. സൂനോസിസ് എന്താണെന്നും 2004 ലെ വൈൽഡ് ലൈഫ് കൺസർവേഷൻ സിമ്പോസിയം ഉയർത്തിയ ഏകലോകംഏകാരോഗ്യം എന്നതിനെക്കുറിച്ചും മഹാമാരികൾ നേരിടുവാൻ ഏകാരോഗ്യ സമീപനത്തിനായി 2007ൽ ന്യൂഡൽഹിയിൽ സംഘടിപ്പിച്ച കോൺഫെറൻസിനെക്കുറിച്ചും ലഘുവായി പ്രതിപാദിക്കുന്നു. 5 മിനിറ്റുകൊണ്ട് ഈ സ്ലൈഡിലെ വിവരങ്ങൾ അവതരിപ്പിക്കുന്നതാണ് അഭികാമ്യം

### സ്ലൈഡ് 4,5

ഏകാരോഗ്യമെന്നആശയം ഫലപ്രദമായി പ്രയോഗികമാക്കണമെങ്കിൽ മൃഗചികിത്സാ വിഭാഗം, കൃഷിവകുപ്പ്, വനം വന്യജീവി വകുപ്പ്, ഭക്ഷ്യസുരക്ഷ, മലിനീകരണനിയന്ത്രണം തുടങ്ങിയ വിവിധ വകുപ്പുകളുടെ കൂട്ടായപ്രവർത്തനം ആവശ്യമാണ്. സമഗ്രആരോഗ്യ ത്രയങ്ങൾ സ്ലൈഡിന്റെ സഹായത്താൽ വിശദമാക്കണം. മനുഷ്യന്റെയും മൃഗങ്ങളുടെയും പരിസ്ഥിതിയുടെയും ആരോഗ്യ സംരക്ഷണം സാധ്യമാക്കണമെങ്കിൽ വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും ഏകോപന പ്രവർത്തനം അനിവാര്യമാണെന്ന് വ്യക്തമാക്കുന്നു. പരിശീലകൻ കൈപ്പുസ്തകം നിർബന്ധമായും വായിച്ചിരിക്കണം

### സ്ലൈഡ് 6

ഏകാരോഗ്യം ഒരു ജനകീയ വിഷയമാണ്. വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പ്രവർത്തനങ്ങൾ തദ്ദേശതലത്തിൽ ഏകോപിപ്പിക്കുവാൻ കഴിയണം. ജനങ്ങളുടെയും, ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും മനോഭാവത്തിൽ മാറ്റമുണ്ടാവേണ്ടതുണ്ട്. സന്നദ്ധ പ്രവർത്തകരുടെ സേവനവും പങ്കാളിത്തവും ഇക്കാര്യത്തിൽ ഉറപ്പുവരുത്താൻ കഴിയണം. അതിനനുസരണമായ ഒരു സാഹചര്യമാണ് നമ്മുടെ സംസ്ഥാനത്തുള്ളതെന്നുമുൻകാല അനുഭവങ്ങൾ സാക്ഷ്യം വഹിക്കുന്നുണ്ട്. സ്ലൈഡ് 6 സഹായത്താൽ വിശദീകരിക്കുക

**സ്ലൈഡ് 8**

ഏകാരോഗ്യമെന്ന ആശയം ഫലപ്രദമായി പ്രയോഗികമാക്കണമെങ്കിൽ മൃഗ ചികിത്സാ വിഭാഗം, കൃഷിവകുപ്പ്, വനം വന്യജീവി വകുപ്പ്, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം തുടങ്ങിയ വിവിധ വകുപ്പുകളുടെ കൂട്ടായ പ്രവർത്തനം ആവശ്യമാണ്. ഇതിനെക്കുറിച്ചുവിശദമായി നാലാമത്തെ സെഷനിൽ നമ്മൾ ചർച്ചചെയുന്നതാണ്.

**സ്ലൈഡ് 9**

ആരോഗ്യകരമായ ഭക്ഷണം ഉറപ്പുവരത്തക്കരീതിയിലുള്ള ഭക്ഷ്യസുരക്ഷ, കാർഷിക പ്രവർത്തനങ്ങളിലെ കീടനാശിനി പ്രയോഗമടക്കമുള്ള അശാസ്ത്രീയവും അപകടകരവുമായ പ്രവണതകൾ, ജന്തുജന്യ രോഗങ്ങൾ, കാലാവസ്ഥാവ്യതിയാനം മൂലമുണ്ടാകുന്ന പ്രതിസന്ധികൾ ആൻഡിബയോട്ടിക്കുകളുടെ ഉപയോഗം തുടങ്ങിയവ ആരോഗ്യ വിഷയത്തിൽ അഭിസംബോധന ചെയ്യേണ്ട ഘടകങ്ങൾ ആണെന്നും അതിലെല്ലാം പ്രതിരോധം ആവശ്യമാണെന്നും ചാർട്ടിന്റെ സഹായത്താൽ വിശദീകരിക്കണം.

**സ്ലൈഡ് 10,11**

ആൻറിബയോട്ടിക്കുകൾ, ആൻറിവൈറലുകൾ, ആന്റിഫംഗലുകൾ, ആൻറിപാരസിറ്റിക് എന്നിവയുൾപ്പെടെയുള്ള ആന്റിമൈക്രോബിയലുകൾ – മനുഷ്യരിലും മൃഗങ്ങളിലും സസ്യങ്ങളിലും അണുബാധ തടയുന്നതിനും ചികിത്സിക്കുന്നതിനും ഉപയോഗിക്കുന്ന മരുന്നുകളാണ്. ബാക്ടീരിയ, വൈറസുകൾ, ഫംഗസ്, പരാന്നഭോജികൾ എന്നിവയുടെ ആന്തരിക ഘടന കാലക്രമേണ മാറുകയും മരുന്നുകളോട് പ്രതികരിക്കാതിരിക്കുകയും ചെയ്യുന്ന അവസ്ഥയാണ് ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് (AMR). ഇത് അണുബാധ ചികിത്സിക്കാൻ പ്രയാസകര മാക്കുകയും രോഗം പടരുന്നതിനും ഗുരുതരമായ അസുഖത്തിനും മരണത്തിനും ഉള്ള സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ആൻറിബയോട്ടിക്കുകൾക്കെതിരായി ബാക്ടീരിയകൾ പ്രതിരോധശേഷി നേടുന്നത് ഇതിനൊരു ഉദാഹരണമാണ്. ആധുനിക വൈദ്യശാസ്ത്രത്തിലെ വിപ്ലവകരമായ കണ്ടുപിടുത്തമായിരുന്നു ആന്റിബയോട്ടിക്കുകൾ. കോടിക്കണക്കിന് ആളുകളുടെ ജീവൻ രക്ഷിച്ച ഈ കണ്ടുപിടുത്തം ആരോഗ്യമേഖലയിൽ വലിയ കുതിച്ചുചാട്ടത്തിന് കാരണമായി. ഇരുപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ 46 വയസ്സുണ്ടായിരുന്ന ശരാശരി ആയുർദൈർഘ്യത്തിൽ വലിയ വർദ്ധനവുണ്ടാക്കുന്നതിൽ ആൻറിബയോട്ടിക്കുകൾ വഹിച്ച പങ്ക് ചെറുതല്ല. ചില സൂക്ഷ്മാണുക്കൾ അവയ്ക്കെതിരെ ഫലപ്രദമായിരുന്ന മരുന്നുകളോട് പ്രതിരോധം വികസിപ്പിച്ചെടുത്തിട്ടുണ്ട്. ജനിതക പരിവർത്തനം വഴിയോ അല്ലെങ്കിൽ ഒരു ജീവിവർഗ്ഗത്തിൽ നിന്ന് മറ്റൊന്ന് പ്രതിരോധം നേടുന്നതിലൂടെയോ ബാക്ടീരിയയിൽ പ്രതിരോധശേഷി സ്വാഭാവികമായും ഉണ്ടാകാം. ക്രമരഹിതമായ ജൈവപരിവർത്തനം കാരണം പ്രതിരോധം സ്വാഭാവികമായി കൈവരിക്കാം. കൂടാതെ ജനിതക കൈമാറ്റം വഴി പ്രതിരോധശേഷിയുള്ള ജീനുകളുടെ വ്യാപനത്തിലൂടെയും ഇത് സംഭവിക്കുന്നു. ആൻറിബയോട്ടിക്കുകളുടെ അനിയന്ത്രിതമായ ഉപയോഗം, ആൻറിബയോട്ടിക്കുകളെ നിഷ്ഫലമാക്കാൻ കഴിയുന്ന മ്യൂട്ടേഷനുകൾ (ജൈവപരിവർത്തനം) സംഭവിക്കാൻ കാരണമാകുന്നുണ്ട്. 2050 ആകുമ്പോഴേക്കും ആന്റിമൈക്രോബിയൽ പ്രതിരോധം മൂലമുള്ള മരണങ്ങളുടെ എണ്ണം ഗണ്യമായി വർദ്ധിക്കും. മറ്റ് രോഗങ്ങളേക്കാളും അപകടമരണങ്ങളേക്കാളും കൂടുതലായിരിക്കും ഇത്. പൊതുജനങ്ങൾക്കിടയിലും, ഏകാരോഗ്യ പ്രവർത്തകർക്കിടയിലും, ആരോഗ്യ നയരൂപീകരണം നടത്തുന്ന ഉദ്യോഗസ്ഥര്ക്കിടയിലും AMR-നെ കുറിച്ചുള്ള അവബോധവും ധാരണയും മെച്ചപ്പെടുത്തുന്നതിനും മികച്ച രോഗപ്രതിരോധ രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുമായി വർഷംതോറും നടത്തിവരുന്ന ഒരു ആഗോള കാമ്പെയ്നാണ് ലോക ആന്റിമൈക്രോബിയൽ അവെയർനെസ് വീക്ക് (WAAW).

**കേരള ആന്റിമൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ (KARSAP)**

ഒന്നിലധികം മേഖലകളെ ഉൾപ്പെടുത്തിയാണ് കർസാപ്പ് വികസിപ്പിച്ചിരിക്കുന്നത്. ഇത് AMR മൂലമുണ്ടാകുന്ന പ്രശ്നങ്ങളെ ഫലപ്രദമായി നേരിടാൻ ആവശ്യമായ നിരവധി പ്രവർത്തനങ്ങളെ അഭിസംബോധന ചെയ്യുന്നു. കർസാപ്പിന്റെയും വൺ ഹെൽത്ത് പ്രവർത്തനങ്ങളുടെയും സംയോജനം ആർദ്രം–RKI യുടെ ഭാഗമായുള്ള പ്രവർത്തനങ്ങളിലെ ഒരു പ്രധാന ഭാഗമാണ്.

**സ്ലൈഡ് 12**

കേരള ജനത നേരിടുന്നതും നേരിട്ടതുമായ പകർച്ചവ്യാധികൾ, പ്രകൃതി ദുരന്തങ്ങൾ, ഭക്ഷ്യ സുരക്ഷാ പ്രശ്നങ്ങൾ, മാലിന്യ നിർമാർജ്ജന രംഗത്തും ജലവിതരണ രംഗത്തും നേരിടുന്ന പ്രശ്നങ്ങൾ എന്നിവ ലളിതമായി പ്രതിപാദിക്കണം. ശേഷം പങ്കാളിത്തരീതിയിൽ വിശകലനം ചെയ്യണം

## സെഷൻ-2

**വിഷയം** : പകർച്ചവ്യാധിവ്യാപനം – ജന്തുജന്യരോഗങ്ങളും പരിസ്ഥിതിയും

**ലക്ഷ്യം** : ഈ സെഷൻറെ അവസാനം പരിശീലനാർത്ഥികൾക്ക്
ച്ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക

- ❖ മനുഷ്യനുണ്ടാവുന്ന വിവിധ പകർച്ചവ്യാധികളെക്കുറിച്ച് കൃത്യമായി അവബോധം നൽകുക.
- ❖ വന്യജീവികളിൽ നിന്നും വളർത്തുമൃഗങ്ങളിൽ നിന്നും പ്രാണികളിലൂടെയും മനുഷ്യനുണ്ടാകുന്ന രോഗങ്ങൾ ഏകാരോഗ്യം എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ വിവരിക്കുവാൻ പ്രാപ്തരാക്കുന്നു.
- ❖ രോഗാണുക്കൾ ഉണ്ടാക്കുന്ന പ്രത്യാഘാതങ്ങൾ തിരിച്ചറിയാനും നാം കൈവരിക്കേണ്ട ലക്ഷ്യങ്ങളെക്കുറിച്ച് ധാരണയുണ്ടാക്കാനും പ്രാപ്തരാക്കുന്നു
- ❖ ഏകോപനസമീപനത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നു

**സമയം** : 50 മിനിറ്റ്

**വേദി** : പൊതുവേദി

### ഉള്ളടക്കവും പഠനരീതിയും

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1. | രോഗങ്ങളെക്കുറിച്ചും വ്യാധികൾ, മഹാവ്യാധികൾ എന്നിവയെക്കുറിച്ചും ചർച്ച ചെയ്യുന്നു | 5 മിനിറ്റ് | ബ്രെയിൻ സ്റ്റോമിങ് , പങ്കാളിത്ത അവതരണം | സ്ലൈഡ് 2 ചാർട്ട് പേപ്പർ |
| 2. | കേരളത്തിൽ കണ്ടുവരുന്ന പ്രധാന പകർച്ച വ്യാധികളെക്കുറിച്ചും പുതിയതായി ഉണ്ടായ രോഗങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 3, 4 |
| 3. | രോഗം പകരുന്ന സാഹചര്യങ്ങൾ വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5 |
| 4. | വിവിധ ജന്തുജന്യരോഗങ്ങളെക്കുറിച്ചും, പ്രാണിജന്യ രോഗങ്ങളെക്കുറിച്ചും, ഇത്തരം രോഗങ്ങൾ കൂടിവരാനുള്ള കാരണങ്ങളെക്കുറിച്ചും വിശദീകരിക്കുന്നു. | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 6–8 |
| 5. | ജന്തുജന്യരോഗങ്ങൾ പകരുന്ന വഴികൾ ഉദാഹരണ സഹിതം വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 9 |
| 6. | രോഗങ്ങൾ മൂലം മനുഷ്യരിലും നാടിൻറെ | 5 മിനിറ്റ് | പങ്കാളിത്ത | സ്ലൈഡ് |

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| | സമ്പദ് ഘടനയിലും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ വിശദീകരിക്കുന്നു | | അവതരണം | 10,11 |
| 7. | ഏകാരോഗ്യത്തിൽ പരിസ്ഥിതിയുടെ പ്രസക്തിയും പ്രാധാന്യവും എപിഡെമിയോളോജിക്കൽ ത്രയങ്ങളും വിശദീകരിക്കുന്നു | 10 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 12–14 |
| 8. | ഏകാരോഗ്യം എന്ന വിഷയത്തിൽ അറിയേണ്ടതും ഇടപെടേണ്ടതുമായ കാര്യങ്ങൾ ചർച്ച ചെയ്യുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 15 |
| 9. | സംശയനിവാരണം | 5 മിനിറ്റ് | | |

## ആവശ്യമായ കുറിപ്പുകൾ

**സ്ലൈഡ് 2**

രോഗങ്ങൾ എങ്ങനെയൊക്കെ ഉണ്ടാകുന്നു? പകർച്ചവ്യാധികൾ ഏതൊക്കെ? തുടങ്ങിയ ചോദ്യങ്ങൾ പഠിതാക്കളോട് ചോദിച്ചുകൊണ്ട് ക്ലാസ് ആരംഭിക്കണം. അവർ പറയുന്ന ഉത്തരങ്ങൾ ചാർട്ട് പേപ്പറിൽ എഴുതണം. അതിനു ശേഷം ഒന്നാമത്തെ സ്ലൈഡ് പ്രദർശിപ്പിച്ചുകൊണ്ട് വിശദീകരിക്കണം.

**സ്ലൈഡ് 3,4,**

കേരളത്തിൽ സാദാരണ കണ്ടുവരുന്ന പകർച്ചവ്യാധികളെയും പുതിയതും തിരിച്ചു വരുന്നതുമായ രോഗങ്ങളെക്കുറിച്ചും രോഗകാരികളെക്കുറിച്ചും കൃത്യമായി പഠിച്ചിരിക്കണം. കൈപ്പുസ്തകം വായിച്ചുള്ള വ്യക്തമായധാരണ രോഗങ്ങളെക്കുറിച്ചും രോഗകാരികളെക്കുറിച്ചും ഉണ്ടായിരിക്കണം.

**സ്ലൈഡ് 5,6,7,8,9**

നട്ടെല്ലുള്ള ജീവികൾക്കും മനുഷ്യർക്കുമിടയിൽ പകരുന്ന രോഗങ്ങളാണ് ജന്തുജന്യ രോഗങ്ങൾ. വന്യ ജീവികളിൽ നിന്നും വളർത്തു മൃഗങ്ങളിൽ നിന്നും പ്രാണികളിൽ നിന്നും മനുഷ്യർക്കു രോഗങ്ങൾ ഉണ്ടാകുന്നു. മനുഷ്യരിൽ നിന്നും മൃഗങ്ങളിലേക്കും രോഗങ്ങൾ പകരാം. ഇത്തരം രോഗങ്ങൾ വർദ്ധിക്കുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കണം. സ്ലൈഡിൽ വിശദാംശങ്ങൾ ഉണ്ട്.ജന്തുജന്യ രോഗങ്ങൾ പകരുന്ന വഴികൾ പങ്കാളിത്തരീതിയിൽ സ്ലൈഡ് പ്രദർശിപ്പിച്ചുകൊണ്ട് അവതരിപ്പിക്കണം.

**സ്ലൈഡ് 10,11**

പകർച്ചവ്യാധികളുടെ വ്യാപനം മനുഷ്യന്റെ ആരോഗ്യത്തെ ബാധിക്കുന്നു അതോടൊപ്പം ജീവിതത്തിന്റെ സമസ്തമേഖലകളിലും ഇത് ബാധിക്കുന്നുണ്ട്. തൊഴിൽ വരുമാനം എന്നിവയെയും ഇത് ബാധിക്കുന്നു. നാടിൻറെ സമ്പത്ഘടനയെ നിയന്ത്രിക്കുന്ന കൃഷി, മൃഗപരിപാലനം, ചെറുകിട വ്യവസായം എന്നിവയെയും സേവന മേഖലയുടെ ഗുണനിലവാരത്തെയും സാരമായി ഇത് ബാധിക്കും. നാട്ടിൽ അനുവഭവപെട്ട ഒരു പകർച്ച വ്യാദിയുടെ അടിസ്ഥാനത്തിൽ ഈ വിഷയം ചർച്ച ചെയ്യണം.

**വിഷയം**

ഒട്ടനവധിയാളുകൾ പ്രത്യക്ഷമായും പരോക്ഷമായും ഉപജീവനത്തിനായി ആശ്രയിക്കുന്ന മേഖലയാണ് ടൂറിസം. വിനോദസഞ്ചാരികൾ തേടിയെത്തുന്ന ഒട്ടനവധി സ്ഥലങ്ങൾ കേരളത്തിൽ ഉണ്ട്. ഇതുമായി ബന്ധപ്പെട്ട് ചെറുതും വലുതുമായി ഒട്ടനവധി തൊഴിലിടങ്ങൾ പ്രവർത്തിച്ചുപോരുന്നു. റിസോർട്ടുകളും ഹോം സ്റ്റേകളും തുടങ്ങി സഞ്ചാരികൾക്കായി ചെറുകിട ഭക്ഷണ പാനീയങ്ങൾ വിൽക്കുന്നവർ വരെ ഇതിൽപ്പെടും. കോവിഡ് മഹാമാരിയുടെ വെളിച്ചത്തിൽ വ്യത്യസ്ത മേഖലയിൽ ഉണ്ടായ ആഘാതം ചർച്ച ചെയ്യുക.

ചർച്ച ചെയ്യുന്നതിലേക്കായി പരിശീലനാർത്ഥികളെ മൂന്നു ഗ്രൂപ്പുകൾ ആയി തിരിക്കാവുന്നതാണ്. ചർച്ചക്ക് ശേഷം ഒരു ഗ്രൂപ്പിനെ അവതരണത്തിനായി ക്ഷണിക്കണം. തുടർന്ന് സ്ലൈഡ് 11 ന്റെ സഹായത്താൽ പരിശീലകൻ വിഷയം ക്രോഡീകരിക്കണം

**സ്ലൈഡ് 12,13,14,15**

ഭൂമിയിൽ ജീവികൾ അധിവസിക്കുന്ന ഭാഗമാണ് ജീവമണ്ഡലം. ജീവമണ്ഡത്തിൽ കാണുന്ന വായു, മണ്ണ്, ജലം തുടങ്ങിയ ഘടകങ്ങളെ അജീവിക ഘടകങ്ങൾ എന്നാണ് പറയുന്നത്. അവിടെയുള്ള സൂക്ഷ്മജീവികൾ സസ്യങ്ങൾ ജന്തുക്കൾ എന്നിവയെ ജീവിക ഘടകങ്ങൾ എന്ന് പറയുന്നു. ജീവികളുടെ ഇടയിലുള്ള സസ്യങ്ങൾ ഉത്പ്പാദകരാണ്. സസ്യങ്ങൾ ഭക്ഷിച്ചുകൊണ്ട് സസ്യഭോജികളും അവയെ ഭക്ഷിച്ചുകൊണ്ട് മാംസഭോജികളും കഴിയുന്നു. സൂക്ഷ്മജീവികൾ മൃതവശിഷ്ടങ്ങളെ വിഘടിപ്പിക്കുന്നു. ജീവിയ ഘടകങ്ങളും അജീവിയ ഘടകങ്ങളും തമ്മിലുള്ള ബന്ധമാണ് പരിസ്ഥിതി. വായുമലിനീകരണം, ജലമലിനീകരണം, മണ്ണിനുണ്ടാകുന്ന മലിനീകരണം, ഇവയെല്ലാം പരിസ്ഥിതിയുടെ ആരോഗ്യത്തെ ബാധിക്കുന്നു എന്ന് പറയാം. എപിഡെമിയോളോജിക്കൽ ത്രയങ്ങൾ വിശകലനം ചെയ്യണം. പരിസ്ഥിതിയുടെ പ്രാധാന്യം കൃത്യമായി വിശദീകരിക്കണം. പകർച്ചവ്യാധികൾ വ്യാപിക്കുമ്പോൾ അത് കേവലം വ്യക്തികളെ മാത്രമല്ല ബാധിക്കുന്നത്. അത് കുടുംബത്തെയും സമൂഹത്തെയും ബാധിക്കുന്നു.

## സെഷൻ-3

**വിഷയം** : പാരിസ്ഥിതികവും സാമൂഹികവുമായ ഘടകങ്ങളും ഏകാരോഗ്യവും

**ലക്ഷ്യം** : ഈ സെഷൻറെ അവസാനം പരിശീലനാർത്ഥികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക:

i. സസ്യജന്തുജാലങ്ങളുടെ അധിനിവേശവും അത് മൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങളെക്കുറിച്ചും പഠിതാക്കൾക്ക് അവബോധം നൽകുന്നു

ii. മനുഷ്യ വന്യജീവി സംഘർഷങ്ങൾക്കുള്ള കാരണങ്ങളെക്കുറിച്ചും അതുമൂലമുണ്ടാകുന്ന ആഘാതങ്ങൾ ലഘൂകരിക്കുന്നതിനെക്കുറിച്ചും പഠിതാക്കക്ക് ധാരണയുണ്ടാക്കുക

**സമയം** : 30 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 1. | സസ്യജന്തുജാലങ്ങളുടെ അധിനിവേശം എന്താണ്? അതുമൂലമുണ്ടാകുന്ന പാരിസ്ഥിതിക ആഘാതങ്ങൾ എന്താണെന്ന് വിശദീകരിക്കുക | 8 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 2 |
| 2. | അധിനിവേശത്തിൻറെ വിവിധ ഘട്ടങ്ങളും അതുമൂലം പ്രകൃതിക്കും സമൂഹത്തിനും ഉണ്ടാകുന്ന പ്രതിസന്ധികളും ആഘാതങ്ങളും | 7 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 3,4 |
| 3. | മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം - കാരണങ്ങളും ആഘാതങ്ങളും | 7 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5,6 |
| 4. | മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷങ്ങളുടെ ആഘാതലഘൂകരണവും പരിഹാരനിർദേശങ്ങളും | 5 മിനിറ്റ് | അവതരണം | സ്ലൈഡ് 7 |
| 5. | സംശയനിവാരണം | 3 മിനിറ്റ് | | |
| 6. | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും വിശദമായി ചർച്ചചെയ്യുന്നു | 10 മിനിറ്റ് | അവതരണം | സ്ലൈഡ് 9 10,11 |
| 7. | സംശയനിവാരണം | 5 മിനിറ്റ് | | |

## ആവശ്യമായ കുറിപ്പുകൾ

### സ്ലൈഡ് 2

സസ്യജന്തു അധിനിവേശം എന്താണെന്ന ചോദ്യത്തോടെ ക്ലാസ് ആരംഭിക്കാം. അതിനുള്ള ഉത്തരങ്ങൾ പഠിതാക്കളിൽ നിന്നും ലഭ്യമായതിനു ശേഷം ജൈവാധിനിവേശത്തെക്കുറിച്ച് വിശദീകരിക്കണം.

ഒരു ജീവി അതിന്റെ ആവാസവ്യവസ്ഥയിൽ നിന്നും പുതിയര് ആവാസവ്യവസ്ഥ യിലേക്കുവരുന്നതോടെ പുതിയ ആവാസവ്യവസ്ഥയിൽ ഭക്ഷ്യശൃംഖലാജാലത്തിൽ അതുൾ പ്പെടാത്തതിനാൽ എണ്ണം പെരുകുന്നതിനുകാരംനമാകുന്നുഎന്നുകൂടി വിശദീകരിക്കണം.

### സ്ലൈഡ് 3

ഒരു സസ്യമോ ജന്തുവോ അതിന്റെ യഥാർത്ഥ ആവാസവ്യവസ്ഥയിൽ നിന്നും ഒരു പ്രത്യേക സഞ്ചാരപദത്തിലൂടെ മറ്റൊരു മേഖലയിൽ എത്തുന്നു. അവിടെ അത് നശിക്കുകയോ മറ്റുസ്ഥലങ്ങളിലേക്ക് വ്യാപിക്കുകയോ ചെയ്യുന്നു. മറ്റുസ്ഥലങ്ങളിൽ എത്തിയതിനുശേഷം വീണ്ടും നശിക്കുകയോ അവിടെ വ്യാപിക്കുകയോ ചെയ്യുന്നു. മൂന്നാമത്തെ ഘട്ടത്തിൽ അവ തദ്ദേശീയ ജൈവവൈവിധ്യത്തെ ഇല്ലാതാക്കുകയും പരിസ്ഥിതിയിലും ജനജീവിതത്തിലും ആഘാത മുണ്ടാക്കുകയും ചെയ്യുന്നു.

### സ്ലൈഡ് 4

സ്ലൈഡിൽ കാണിച്ചിരിക്കുന്ന ചിത്രങ്ങൾ പ്രദർശിപ്പിച്ചുകൊണ്ട് അവയേതൊക്കെയാ ണെന്നും അവമൂലമുണ്ടാകുന്ന പ്രശ്നങ്ങൾ എന്തൊക്കെയാണെന്നും ചർച്ചചെയ്യണം. ആമകൾ മൂലം ഷിഗെല്ല പോലുള്ള രോഗാണുക്കൾ പകരുവാൻ സാധ്യതയുണ്ട്.

### സ്ലൈഡ് 5

സസ്യജന്തു അധിനിവേശം പോലെ അപകടസാധ്യതകൂടിയ മറ്റൊന്നാണ് മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷം അതിനുള്ള ഒരു പ്രധാന കാരണം വനമേഖലയുടെ വിഭജനമാണ് റോഡുകളുടെയും റാജളുകളുടെയും നിർമാണവും പ്രകൃതിദുരന്തങ്ങൾ മൂലമുണ്ടാകുന്ന ഒറ്റപെടലുകളും വനവിഭജനത്തിനു കാരണമാകുന്നു ആവശ്യമായ രീതിയിൽ കൂടുതൽ വിശദീകരണം നൽകണം

### സ്ലൈഡ് 6

മനുഷ്യനും വന്യജീവികളും തമ്മിലുള്ള സംഘർഷത്തിനുള്ള കാരണങ്ങളും അവയുടെ പ്രത്യാഘാതങ്ങളും ഉദാഹരണസഹിതം വിശദീകരിക്കണം.

### സ്ലൈഡ് 7

മനുഷ്യനും വന്യജീവികളും തമ്മിലുള്ള മാർഗ്ഗങ്ങൾ സ്ലൈഡ് നോക്കി വിശദീകരിക്കുക

## സെഷൻ-4

**വിഷയം** : ഏകാരോഗ്യം - കേരളവും സംഘടന സംവിധാനവും തദ്ദേശസർക്കാരുകളുടെ ചുമതലകളും ഉത്തരവാദിത്തങ്ങളും

**ലക്ഷ്യം** : ഈ സെഷൻറെ അവസാനം പരിശീലനാർത്ഥികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക:

iii. കേരളസർക്കാർ ഉത്തരവിലൂടെ ഏകാരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സംജാതമാക്കിയിരിക്കുന്ന സംഘടനാ സംവിധാനം എങ്ങനെയെന്ന് ബോദ്ധ്യപ്പെടുക

iv. ഏകാരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിൽ പ്രാദേശിക സർക്കാരുകളുടെ പ്രസക്തിയെക്കുറിച്ചും പ്രാധാന്യത്തെക്കുറിച്ചും ചുമതലകളെക്കുറിച്ചും ബോദ്ധ്യപ്പെടുക

**സമയം** : 40 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ് ) | രീതി | ഉപാധി |
|---|---|---|---|---|
| 8. | ഏകാരോഗ്യപരിപാടി കേരളത്തെ സംബന്ധിച്ചിടത്തോളം എത്രമാത്രം പ്രസക്തമാണെന്ന് വിശദീകരിക്കുന്നു | 10 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 2-3 |
| 9. | ഏകാരോഗ്യവുമായി ബന്ധപ്പെട്ട് കേരളം ഊന്നൽ നൽകുന്ന മേഖലകളെക്കുറിച്ചും വിവിധ വകുപ്പുകളുടേയും ഏജൻസികളുടെയും ഏകോപിത പ്രവർത്തനത്തിന്റെ അനിവാര്യതയെക്കുറിച്ചും വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 |
| 10. | സംസ്ഥാനതല സംഘടന സംവിധാനത്തെക്കുറിച്ചും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 5 |
| 11. | സംസ്ഥാന, ജില്ലാതല സംഘടന രൂപം | 5 മിനിറ്റ് | അവതരണം | സ്ലൈഡ് 6,7 |
| 12. | തദ്ദേശസർക്കാർ സ്ഥാപനതല കമ്മിറ്റി | 5 മിനിറ്റ് | അവതരണം | സ്ലൈഡ് 8 |
| 13. | തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികയുടെയും ഉദ്യോഗസ്ഥരുടെയും ചുമതലകളെക്കുറിച്ചും ഉത്തരവാദിത്തങ്ങളെക്കുറിച്ചും വിശദമായി ചർച്ചചെയ്യുന്നു | 10 മിനിറ്റ് | അവതരണം | സ്ലൈഡ് 9 10,11 |

## ആവശ്യമായ കുറിപ്പുകൾ

### സ്ലൈഡ് 2,3

ഏകാരോഗ്യ പദ്ധതി കേരളത്തെ സംബന്ധിച്ചിടത്തോളം വളരെ പ്രസക്തമാണ്. ജന്തുജന്യ രോഗങ്ങൾ വർദ്ധിതമായ തോതിൽ കേരളത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ജല മലിനീകരണം വായുമലിനീകരണം തുടങ്ങിയ കാര്യങ്ങളിൽ കേരളത്തിന്റെ നില തൃപ്തികരമല്ല. ജൈവവൈവിധ്യ ശോഷണവും മറ്റ പരിസ്ഥിതി പ്രശ്നങ്ങളും ഗൗരവമായി പരിശോധിക്കേണ്ട തുണ്ട്. ഏകാരോഗ്യമെന്നത് മനുഷ്യരുടെയും ജന്തുക്കളുടെയും പരിസ്ഥതിയുടെയും ആരോഗ്യത്തെ ഉൾക്കൊള്ളുന്നതാണ്. ഉയർന്ന ജനസാന്ദ്രത, പ്രവാസി കേരളീയതയുടെ ഉയർന്നസംഖ്യ, വിസ്തൃതമായ വനമേഖല തുടങ്ങിയവ കേരളത്തിന്റെ സവിശേഷതകൾ ആണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ പദ്ധതി നടപ്പിലാക്കേണ്ടത് അനിവാര്യമായ ഒരു കാര്യം ആണ്.

### സ്ലൈഡ് 4

ഏകാരോഗ്യ പദ്ധതി കേരളത്തിൽ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഊന്നൽ മേഖലകൾ വിശദീകരിക്കണം. എല്ലാ തരത്തിലുള്ള രോഗങ്ങൾക്കും ഏകീകൃതമായ നിരീക്ഷണ സംവിധാനം ഉറപ്പുവരുത്തുക. ഇതിലേക്കായി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും കൃത്യമായ പ്രവർത്തനത്തിൻറെ അനിവാര്യത ബോധ്യപ്പെടുത്തണം.

### സ്ലൈഡ് 5,6,7,8

പൊതുജനാരോഗ്യം ഗ്രാമപഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പ്രധാന ചുമതല യാണെന്നും ഏകാരോഗ്യമെന്നത്പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സമഗ്ര പരിപാടിയാ ണെന്നും വ്യക്തമാക്കണം.

### സ്ലൈഡ് 9,10,11

പൊതുജനാരോഗ്യം ഗ്രാമപഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും പ്രധാനചുമതല യാണെന്നും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട സമഗ്രപരിപാടിയാണ് ഏകാരോഗ്യമെന്നും വ്യക്തമാക്കണം.

ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളുടെ വിതരണത്തെയും വിനിയോഗത്തെയും ബാധിച്ചേക്കാവുന്ന പ്രശ്നങ്ങൾ കണ്ടെത്തുന്നതിനും അവ മുൻകൂട്ടി പരിഹരിക്കുന്നതിനും മുൻകൈ യെടുക്കാൻ LSGI സന്നദ്ധരാകണം. കൂടാതെ പ്രതിരോധാത്മകവും പ്രോത്സാഹനപരവുമായ ആരോഗ്യ പരിപാലനത്തിനും രോഗശമന പരിപാലനത്തിനും അർഹമായ പ്രാധാന്യം നൽകേണ്ടതും LSGI യാണ്.

സ്വന്തം ആരോഗ്യത്തിന്റെ സംരക്ഷകരാകാൻ സമൂഹത്തെ പ്രാപ്തരാക്കുന്ന വിധത്തിൽ ആരോഗ്യകരമായ സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള പ്രേരണാശക്തിയായും LSGI കൾ പ്രവർത്തിക്കണം. സമൂഹത്തിന്റെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിലൂടെ ആരോഗ്യപരിപാലന ത്തിനായുള്ള ആളോഹരി ചെലവ് കുറയ്ക്കാനാകും. മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ യാഥാർത്ഥ്യ മാക്കുന്നതിലും, നിരീക്ഷിക്കുന്നതിലും വിലയിരുത്തുന്നതിലും LSGIയുടെ പ്രകടനസൂചകമായി പ്രവർത്തിക്കുന്നത് അതാതുപ്രദേശത്തിൻറെ ആരോഗ്യനിലാസൂചകങ്ങളായിരിക്കും.

സാംക്രമികരോഗവാഹികളെ നിയന്ത്രിക്കുക, പരിസ്ഥിതി ആരോഗ്യരക്ഷകമായി സംരക്ഷിക്കുക, മാലിന്യപരിപാലനം, രോഗപ്രതിരോധനടപടികൾ സ്വീകരിക്കുക, രോഗപ്രതിരോധത്തിനും നിയന്ത്രണത്തിനുമായി ദേശീയതലത്തിലും സംസ്ഥാനതലത്തിലും ഉള്ള തന്ത്രങ്ങളും പരിപാടികളും ഫലപ്രദമായി നടപ്പിലാക്കുക എന്നിവ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകളാണ് ആയതിനാൽ ആരോഗ്യവുമായി ബന്ധപ്പെട്ട സമഗ്രപരിപാടിയായ ഏകാരോഗ്യം നടപ്പിലാക്കേണ്ടത് ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്തമാണെന്ന് ബോധ്യ പ്പെടുത്തണം.

വിശദമായി കൈപ്പുസ്തകം വായിച്ച ശേഷം  അവതരിപ്പിക്കുക

## സെഷൻ–5

**വിഷയം** : ഏകാരോഗ്യം – സാമൂഹ്യാധിഷ്ഠിതരോഗനിരീക്ഷണം

**ലക്ഷ്യം** : ഈ സെഷൻറെ അവസാനം പരിശീലനാർത്ഥികൾക്ക് ചുവടെ പറയുന്നവ നിർവഹിക്കാൻ കഴിയുക:

i. ഏകാരോഗ്യപരിപാടിയുടെ ഭാഗമായുള്ള സാമൂഹ്യാധിഷ്ഠിതനിരീക്ഷണം എന്താണെന്നും അതിന്റെ പ്രാധാന്യമെന്താണെന്നും ബോദ്ധ്യപെടുത്തുന്നു.

ii. റിപ്പോർട്ടിങ് രീതികളെക്കുറിച്ചും പ്രായോഗികമായി സമൂഹനിരീക്ഷണം എങ്ങനെ കാര്യക്ഷമമാക്കണമെന്നും വ്യക്തമാക്കുന്നു.

iii. കമ്മ്യൂണിറ്റി മെന്റർസിൻറെ കണ്ടെത്തലും അവർക്കാവശ്യമായ തുടർസഹായങ്ങളെപ്പറ്റിയും വ്യക്തമാക്കുന്നു

**സമയം** : 55 മിനിറ്റ്

**വേദി** : പൊതുവേദി

**ഉള്ളടക്കവും പഠനരീതിയും**

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 1 | കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് എന്താണെന്ന് വ്യക്തമാക്കുന്നു. | 5 മിനിറ്റ് | ബ്രെയിൻ സ്റ്റോമിംഗ്, പങ്കാളിത്ത അവതരണം | സ്ലൈഡ് 2, ചാർട്ട് പേപ്പർ |
| 2 | കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസ് എങ്ങനെ കാര്യക്ഷമമാക്കണമെന്നും അതിനായുള്ള റിപ്പോർട്ടിങ് രീതികൾ എന്തൊക്കെയാണെന്നും വിശദമാക്കുന്നു | 5 മിനിറ്റ് | ബ്രെയിൻ സ്റ്റോമിംഗ്, പങ്കാളിത്ത അവതരണം | സ്ലൈഡ് 3, |
| 3 | കമ്മ്യൂണിറ്റി ബേസ്ഡ് സർവെയ്ലൻസിൻറെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദീകരിക്കുന്നു. ഇത് പ്രയോഗികമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 4 |
| 4 | കേസ് സ്റ്റഡി – ഏകീകൃത കമ്മ്യൂണിറ്റി സർവെയ്ലൻസിനുള്ള സാധ്യതകൾ | 10 മിനിറ്റ് | പൊതുചർച്ച | സ്ലൈഡ് 5 |
| 5 | സന്നദ്ധപ്രവർത്തകരുടെയും മെൻഡർമാരുടെയും യോഗ്യതയെക്കുറിച്ചും പങ്കിനെക്കുറിച്ചും ചർച്ച ചെയ്യുന്നു | 15 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 6,7 |

| നം | വിഷയം | സമയം (മിനിറ്റ്) | രീതി | ഉപാധി |
|---|---|---|---|---|
| 6 | പരിശീലനപദ്ധതിയെക്കുറിച്ചും പ്രധാന ആശയ വിനിമയ തന്ത്രങ്ങൾ ചർച്ച ചെയ്യുന്നു | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 8 |
| 7 | തദ്ദേശസർക്കാരുകളിലെ കാര്യക്ഷമമായ സർവൈലൻസും സർവൈലൻസിന്റെ അടിസ്ഥാനത്തിൽ ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ. | 5 മിനിറ്റ് | പങ്കാളിത്ത അവതരണം | സ്ലൈഡ് 9 |
| 8 | സംശയനിവാരണം | 5 മിനിറ്റ് | | |

**ആവശ്യമായ കുറിപ്പുകൾ**

**സ്ലൈഡ് 2,3**

സമൂഹത്തിലെ അംഗങ്ങൾ പൊതുജനാരോഗ്യത്തെ ബാധിക്കുന്ന സവിശേഷമായ സംഭവങ്ങൾ കണ്ടെത്തുകയും റിപ്പോർട്ട് ചെയ്യുകയും ചെയ്യുന്ന രീതിയാണ് കമ്മ്യൂണിറ്റി സർവൈലൻസ്. സമൂഹാധിഷ്ഠിത നിരീക്ഷണ സംവിധാനമാണ് കമ്മ്യൂണിറ്റി ബേസ്ഡ് സർവൈലൻസ്. രണ്ടു തരത്തിലുള്ള നിരീക്ഷണ സംവിധാനങ്ങൾ വിശദമാക്കണം. ഇൻഡിക്കേറ്റർ ബേസ്ഡ് സർവൈലൻസും ഇവൻഡ് ബേസ്ഡ് സർവൈലൻസും.

**സ്ലൈഡ് 4**

കമ്മ്യൂണിറ്റി സർവൈലൻസ് എന്ന പ്രക്രിയയുടെ ലക്ഷ്യങ്ങൾ പങ്കാളിത്ത രീതിയിൽ അവതരിപ്പിക്കുന്നു.

**സ്ലൈഡ് 5**

**വിഷയവും പ്രക്രിയയും**

നിലവിലുള്ള നിരീക്ഷണ സംവിധാനം പരിമിതമാണ്. ഏകാരോഗ്യ പരിപാടിയിൽ മനുഷ്യരെ ബാധിക്കുന്ന രോഗങ്ങൾ കൂടാതെ വളർത്തു മൃഗങ്ങൾ വളർത്തു പക്ഷികൾ, തെരുവിൽ അലയുന്ന മൃഗങ്ങൾ, ദേശാടന പക്ഷികൾ ഇവയുടെ ഗമനത്തിലെ വ്യതിയാനങ്ങൾ തുടങ്ങി ഒട്ടനവധി ഘടകങ്ങൾ നിരീക്ഷിച്ചുകൊണ്ട് റിപ്പോർട്ട് ചെയ്യേണ്ടതായിട്ടുണ്ട്.

**വിഷയങ്ങൾ**

പഞ്ചായത്ത് കെട്ടിടത്തിന് സമീപത്തെ വൃക്ഷങ്ങളിൽ പുതുതായി ധാരാളം വാവലുകളെ കാണപ്പെടുന്നു. എന്തെല്ലാം നിരീക്ഷിക്കണം?

നിരവധി സഞ്ചാരികൾ വന്നുപോകുന്ന ജലാശയത്തിൽ പുതിയതരം ദേശാടനപക്ഷികളെ കാണുന്നു. വീടിനടുത്തുള്ള വളർത്തുപക്ഷികളിൽ ചില രോഗലക്ഷണവും മരണവും കാണുന്നു.. എങ്ങനെ ആവാം? എന്തെല്ലാം നിരീക്ഷിക്കണം?

അയൽവക്കത്തുള്ള ഒരുവീട്ടിൽ ഒരാൾ നിരന്തരം ചുമക്കുന്നു അത് വളരെയധികം വരണ്ടരീതിയിൽലുള്ള ചുമയായി മനസിലാക്കുന്നു മാത്രമല്ല അദ്ദേഹത്തിന് ഇടക്കിടക്കു പനിയുമുണ്ടാകുന്നു നമ്മൾ എന്ത് ചെയ്യും

ഇതൊക്കെ എങ്ങനെ നിരീക്ഷണം നടത്തണമെന്ന് വിശദമായി ചർച്ച ചെയ്യണം. ചർച്ചയിൽ ഉരുത്തിരിയുന്ന നിർദേശങ്ങൾ രേഖപ്പെടുത്തി ഫെസിലിറ്റേറ്റർ ക്രോഡീകരിക്കേണ്ടതാണ്.

**സ്ലൈഡ് 6,7**

കമ്മ്യൂണിറ്റി വളണ്ടിയർ എന്ന നിലയിൽ ഒരു വാർഡിൽ നിന്നും ഏഴുപേരെ വീതം തിരഞ്ഞെടുക്കണം. നിലവിൽ സമൂഹവുമായി ബന്ധപെട്ടു പ്രവർത്തിക്കുന്നവരിൽ നിന്നും മെൻഡർമാർ തദ്ദേശഭരണ സ്ഥാപന പ്രതിനിധികളുമായി കൂടിയാലോചിച്ചു കണ്ടെത്തുക. കമ്മ്യൂണിറ്റി പ്രവർത്തകരുടെ സവിശേഷതകൾ വിശദമാക്കണം. കൂടുതൽ വിവരങ്ങൾ കൈപുസ്തകത്തിൽ പരാമർശിച്ചിട്ടുണ്ട്. മെൻഡർമാരുടെ ചുമതലകളും ആശയ വിനിമയ രീതികളും വിശദമാക്കുന്നു.

**സ്ലൈഡ് 8**

പ്രധാന ആശയവിനിമയ തന്ത്രങ്ങൾ വിശദീകരിക്കണം

**സ്ലൈഡ് 9**

സർവൈലൻസ് കാര്യക്ഷമമായി നിർവഹിക്കുന്നതിനായി ചെയ്യേണ്ട കാര്യങ്ങൾ വിശദമാക്കുന്നു. ഇതിന്റെ ഭാഗമായി ചെയ്യേണ്ട വിവിധങ്ങളായ പ്രവർത്തനങ്ങൾ പങ്കാളിത്ത രീതിയിൽ അവതരിപ്പിക്കണം.